ശ്രീ. എ. എ. അസീസ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും സഹകരണവും പ്രവാസികാര്യവും വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യത്ത് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും നേടിയെടുക്കുന്നതിനും നിരവധി നിയമങ്ങളും ചട്ടങ്ങളും ഇന്ന് നിലവിലുണ്ട്. ആദ്യകാലങ്ങളിൽ നിയമങ്ങൾക്കുവേണ്ടിയും ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുമായിരുന്നു തൊഴിലാളികളും തൊഴിലാളി സംഘടനകളും അതിശക്തമായ പ്രക്ഷോഭം നടത്തേണ്ടിവന്നതെങ്കിൽ ഇന്ന് എല്ലാത്തിനും നിയമങ്ങളും ചട്ടങ്ങളുമുണ്ട്. സർവ്വോപരി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി എന്ന സർവ്വീസ് അവകാശം, അതിനാദ്യമായി ഇന്ത്യക്ക് മാതൃക കാട്ടിയ ഒരു സംസ്ഥാനവും നിയമസഭയും കേരള നിയമസഭയാണ്. ആദ്യം ഗ്രാറ്റുവിറ്റി നിയമം പാസാക്കിയത് കേരളത്തിലാണ്. അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് പാർലമെന്റിൽ ഗ്രാറ്റുവിറ്റി നിയമമുണ്ടായത്. അങ്ങനെ തൊഴിൽ രംഗത്ത് പലതിനും മാതൃക കാട്ടിയ സംസ്ഥാനമാണ് നമ്മുടേത്. ഇന്ന് ലേബർ ഡിപ്പാർട്ടുമെന്റ്, ഇൻസ്പെക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥൻമാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് പറയാൻ നിർവ്വാഹമില്ല. പകുതിയോളം ആളുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നവരാണ്. ഇൻസ്പെക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സിലേയോ ലേബർ ഡിപ്പാർട്ടുമെന്റിലേയോ ജീവനക്കാർ, ട്രേഡ് യൂണിയനുകൾ തൊഴിലാളികൾക്കുവേണ്ടി സമർപ്പിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനു പകരം വാദിയേയും പ്രതിയേയും ഒരുപോലെ സഹായിക്കുന്ന സമീപനം സ്വീകരിച്ചു വരുന്നതായി കാണുന്നുണ്ട്. ട്രേഡ് യൂണിയനുകളെ പഴി ചാരി രക്ഷപ്പെടാൻ ശ്രമിക്കുന്നവരും ഈ ഡിപ്പാർട്ടുമെന്റിൽ ധാരാളമായി കാണു

ന്നുണ്ട്. എല്ലാത്തിനും കുഴപ്പക്കാർ യൂണിയനുകളാണെന്ന് പറയുന്ന ഉദ്യോഗസ്ഥന്മാരേയും നമുക്ക് കാണാൻ സാധിക്കും. മറ്റൊരു കാര്യം, ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് ലേബർ വെൽഫയർ ഫണ്ട് ബോർഡുകളെല്ലാം. നിരവധി വെൽഫയർ ബോർഡുകളുണ്ട്. ആ ലേബർ വെൽഫയർ ബോർഡുകളിൽ ചീഫ് എക്സിക്യൂട്ടീവ് ആകുന്നതിനും ജില്ലാ എക്സിക്യൂട്ടീവ് ആകുന്നതിനും വേണ്ടിയുള്ള പ്രകടനമാണ് ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ നടത്തുന്നത്. എന്നാൽ ആ ലേബർ വെൽഫയർ ബോർഡുകളുടെ വരുമാനം പരിശോധിച്ചാൽ അവിടത്തെ വരുമാനത്തിന്റെ പത്ത് ശതമാനത്തിലധികം ചെലവിടുന്ന വെൽഫയർ ബോർഡുകളെയാണ് കാണാൻ സാധിക്കുന്നത്. ഭരണപരമായി പത്ത് ശതമാനത്തിലധികം ചെലവാക്കാൻ പാടില്ല. അഡ്മിനിസ്ട്രേഷൻ ചാർജ് പത്ത് ശതമാനത്തിലധികം ചെലവഴിക്കുകയാണ് ചെയ്യുന്നത്. ലേബർ വെൽഫയർ ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിച്ചാൽ പല ബോർഡുകളും തൊഴിലാളികളിൽനിന്നും അംശാദായം ഈടാക്കുകയും എംപ്ലോയർ അടയ്ക്കേണ്ടുന്ന തുക ഉൾപ്പെടെ യഥാസമയം വെൽഫയർ ബോർഡുകളിൽ അടയ്ക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത പല ബോർഡുകളിലും കണ്ടുവരുന്നുണ്ട്. ഇത് ഏറ്റവും കൂടുതലായി എനിക്ക് അനുഭവപ്പെട്ടത് കശുവണ്ടി തൊഴിലാളികളുടെ വെൽഫയർ ബോർഡിലാണ്. ഏകദേശം 2,57,000 തൊഴിലാളികളാണ് കാഷ്യു വെൽഫയർ ബോർഡിലുള്ളത്. കാശ് പിടിച്ചാൽ കൃത്യസമയത്ത് തൊഴിലുടമ അടയ്ക്കില്ല, തൊഴിലാളികളുടേയും തൊഴിലുടമയുടേയും വിഹിതം ഒരുമിച്ചാണ് അടയ്ക്കേണ്ടത്. അതിന് വിവിധങ്ങളായ മാർഗ്ഗങ്ങളാണ് അവർ കണ്ടുപിടിക്കുന്നത്. ഉദ്യോഗസ്ഥൻമാർ നടപടി സ്വീകരിക്കുമ്പോൾ അവർ അതിനെ കോടതിയിൽ പോയി സ്റ്റേ വാങ്ങിക്കുക, ആ

സ്റ്റേ നീട്ടിക്കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുക, യഥാസമയത്ത് പണം അടയ്ക്കാതിരിക്കുക, അതിന്റെ ഫലമായി വെൽഫയർ ബോർഡിന്റെ പ്രവർത്തനം തന്നെ കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുക തുടങ്ങിയവ. യഥാസമയം തൊഴിലാളികളുടെ കയ്യിൽനിന്നും അംശാദായം പിടിക്കുന്നു എങ്കിൽപോലും തൊഴിലാളികളുടെ പെൻഷൻ ഉൾപ്പടെയുള്ള അവകാശങ്ങൾ യഥാസമയം കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഇന്ന് വെൽഫയർ ബോർഡുകളിലുണ്ട്. വെൽഫയർ ബോർഡുകളുടെ ഏകോപനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. നല്ല വരുമാനമുള്ള വെൽഫയർ ബോർഡുകളും വരുമാനം കുറഞ്ഞ വെൽഫയർ ബോർഡുകളുമുണ്ട്. വരുമാനം കുറഞ്ഞ വെൽഫയർ ബോർഡുകളിൽ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി തുക വിനിയോഗിക്കാൻ കഴിയുന്നില്ല. വരുമാനം ഉദ്യോഗസ്ഥൻമാർക്ക് ശബളം കൊടുക്കാൻ മാത്രമേ തികയുന്നുള്ളു. നല്ല വരുമാനമുള്ള, ഭരണപരമായി ശേഷിയുള്ള വെൽഫയർബോർഡുകളുമായി ലയിപ്പിക്കുന്നതിന് ചില തീരുമാനങ്ങളെടുത്തിരുന്നു. അത് നടപ്പാക്കിയിട്ടില്ല. അത് നടപ്പാക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. ഇ.എസ്.ഐ. സ്കീമിലുള്ള ഡിസ്പെൻസറികളും ആശുപത്രികളും സംസ്ഥാന ഗവൺമെന്റിന്റെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ലോക്കൽ ഓഫീസുകളും റീജിയണൽ ഓഫീസുകളുമെല്ലാം കേന്ദ്ര ഇ.എസ്.ഐ. റീജിയണൽ കോർപ്പറേഷന്റെ ഭരണപരമായ നിയന്ത്രണത്തിലാണ്. ഇ.എസ്.ഐ. ആശുപത്രികളെ സംബന്ധിച്ച് പറയുമ്പോൾ, എന്റെ അഭിപ്രായത്തിൽ ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് ഡിസ്പെൻസറികളിലാണ്. ഏകദേശം 13 ആശുപത്രികളും 137

ഡിസ്പെൻസറികളുമാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഡിസ്പെൻസറികളെല്ലാംതന്നെ ഇന്ന് കാടുപിടിച്ച് ഭാർഗ്ഗവീനിലയം പോലെ കിടക്കുകയാണ്. ഐ.പി.കളുടെ എണ്ണം കൂടുതലുള്ള പ്രദേശങ്ങ ളിൽ രണ്ടു മുതൽ നാല് വരെ ഡോക്ടർമാർ ഉണ്ടായിരുന്ന സ്ഥലത്ത് ഇന്ന് ഒരു ഡോക്ടർ മാത്രമേയുള്ളു. ഈ ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇ.എസ്.ഐ. റീജിയണൽ ബോർഡ് തന്നെ ഒരു സബ്കമ്മിറ്റിയെ വച്ച് ശ്രീ. എൻ രാമകൃഷ്ണൻ തൊഴിൽവകുപ്പുമന്ത്രി യായിരുന്ന കാലഘട്ടത്തിൽ ഒരു പഠനം നടത്തുകയുണ്ടായി. ഇന്ന് ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന ശ്രീ. സി. ദിവാകരനും അന്തരിച്ച സി. കണ്ണനും അന്തരിച്ച ശങ്കരനാരായണനും ഞാനും ഒക്കെ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയായിരുന്നു അത്. ആ കമ്മിറ്റി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് ഇന്നും വെളിച്ചംകാണാതെയിരിക്കുകയാണ്. ഡിസ്പെൻസറികളിലാണ് ഇന്ന് പ്രശ്നങ്ങൾ നിലനിൽക്കുന്നത്. ലീവ് കൊടുക്കുന്ന കാര്യത്തിൽ, കൈക്കൂലി വാങ്ങുന്ന കാര്യത്തിൽ, ഏജന്റുമാരെ വച്ച് കൈക്കൂലി പിരിക്കുന്ന കാര്യ ത്തിൽ, തൊഴിലാളികളുടെ രോഗം യഥാസമയം പരിശോധിക്കുന്നതിൽ വരുന്ന വീഴ്ച, അതിന് പകരമായി എന്തെങ്കിലും എഴുതിക്കൊടുക്കുന്ന സമീപനം ഇതെല്ലാം നിലനിൽക്കുന്നത് ഡിസ്പെൻസറികളിലാണ്. ഇ.എസ്. ഐ. ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഏറെക്കുറെ അവയുടെ പ്രവർത്തനം മോശമല്ലെന്ന് പറയാൻ സാധിക്കും. ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ, മാതൃകാപരമാക്കാൻ ശ്രമിക്കണം. പണ്ട് കമ്മിറ്റി കൊടുത്തിരുന്ന ഒരു നിർദ്ദേശമായിരുന്നു ഒരു താലൂക്കിലെങ്കിലും 24 മണിക്കൂർ ഇല്ലെങ്കിൽപ്പോലും പകൽ സമയം മുഴുവൻ പ്രവർത്തിക്കുന്ന ആശുപത്രിയെന്നുള്ളത്. ഐ.പി. കൂടുതലുള്ള പ്രദേശങ്ങളിൽ മാതൃകാപര

മായി പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾക്ക് ആരംഭം കുറിക്കണം. അതോടൊപ്പംതന്നെ തൊഴിൽ വകുപ്പ് ശ്രീ. കടവൂർ ശിവദാസൻ കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ ഇ.എസ്.ഐ.സ്കീമിൽ അലോപ്പ തിയോടൊപ്പം ഹോമിയോയും കൊണ്ടുവന്നു. വളരെ മാതൃകാപരമായ പ്രവർത്തനമായിരുന്നു നടന്നത്. അലോപ്പതിയും ഹോമിയോയും ആശുപ ത്രികളിലും ചില പ്രദേശങ്ങളിൽ ഡിസ്പെൻസറികളിലും നടപ്പാക്കി. സാംക്രമിക രോഗങ്ങൾ ധാരാളമായുണ്ടാകുന്ന ഈ കാലഘട്ടത്തിൽ താലൂക്ക് തലത്തിൽ അലോപ്പതിയും ആയുർവ്വേദവും ഹോമിയോയും ഉൾപ്പെടെ മാതൃകാപരമായി ആശുപത്രികൾ തുടങ്ങാനുള്ള സംവിധാനം ഉണ്ടാകണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ലേബർ ഡിപ്പാർട്ടുമെന്റിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം മാതൃകാപരമല്ല എന്നുള്ള താണ്. ഒരു കാലത്ത് വളരെ മാതൃകാപരമായിരുന്നു. സത്യസന്ധനായ ഒരു ജോയിന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമ മായി നടത്തണം. നമ്മുടെ രാജ്യത്ത് മിനിമം വേജസിന്റെ പ്രഖ്യാപനങ്ങൾ നടപ്പാക്കാനുള്ള ബാധ്യത സംസ്ഥാന ഗവൺമെന്റുകൾക്കുള്ളതാണ്. പക്ഷേ മിനിമം വേജസിന്റെ കാര്യത്തിലും ചില അപാകതകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. വ്യവസായത്തിന്റെ ആസ്തി, വ്യവസായത്തിന്റെ നില നിൽപ്പ് എന്നിവ പരിശോധിക്കാതെ ചെത്ത് വ്യവസായ രംഗത്ത് നേരത്തെ യുണ്ടായിരുന്ന മിനിമം വേജസ് നടപ്പാക്കാൻ, എൻഫോഴ്സ് ചെയ്യാൻ പ്രയാ സമുള്ള ചില മേഖലകളുണ്ട്. എന്നാൽ പ്രയാസമില്ലാത്ത മേഖലകളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെ ന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതോടൊപ്പം ഡിസ്പെൻസറികൾ

ലോക്കൽ ഓഫീസുകൾ കേന്ദ്രീകരിച്ച് ഇ.എസ്.ഐ. ആശുപത്രികൾക്കുള്ളതുപോലെ ഉപദേശക സമിതികൾ രൂപീകരിക്കുന്ന കാര്യത്തിലും വേണ്ട നടപടികൾ സ്വീകരിക്കണം. ഐ.പി. കൂടുതലുള്ള പ്രദേശങ്ങളിൽ റീജിയണൽ ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാണ് ലോക്കൽ ഓഫീസുകൾ പ്രവർത്തിക്കുന്നതെങ്കിൽപ്പോലും അത് വിഭജനം നടത്തുന്നതിനുവേണ്ടി പല പ്രാവശ്യം തീരുമാനിച്ചിരുന്നതാണ്. ചാത്തന്നൂർ ഇ.എസ്.ഐ. ലോക്കൽ ഓഫീസ് വിഭജനം നടത്തി ഒരു ഭാഗം കൊട്ടിയത്ത് കൊണ്ടുവരാൻ തീരുമാനിച്ചു. അതിന്റെ ഫലമായി കൊട്ടിയത്ത് ഡിസ്പെൻസറി കോംപൗണ്ടിൽ ആഴ്ചയിൽ രണ്ടുദിവസം പ്രവർത്തിക്കുന്ന ഒരു മൊബൈൽ യൂണിറ്റ് പ്രവർത്തിച്ചു. അത്തരത്തിൽ അതിനും ഒരു പുന:പരിശോധനയുണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. എന്റെ സമയം തീർന്നതുകൊണ്ട് ഈ നിർദ്ദേശങ്ങളോടുകൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ ഒരു കൊല്ലം വളരെ ആത്മാർത്ഥമായ സമീപനങ്ങൾകൊണ്ട് നിർണ്ണായകമായ നയ വ്യതിയാനങ്ങൾതന്നെ വരുത്തുവാൻ സാധിച്ച രണ്ടു മന്ത്രിമാർ, കഴിഞ്ഞ ഒരു വർഷത്തെ അവരുടെ പെർഫോമൻസ് നിഷ്പക്ഷമായി വിശകലനം ചെയ്താലും നമ്മുടെ സംസ്ഥാനത്തിന്റെ താത്പര്യത്തിന് ഗുണകരമായ കുറേ കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. തൊഴിൽ, തൊഴിലാളി ക്ഷേമം എന്നീ രണ്ട് കാര്യങ്ങളും ചെയ്യുന്നത് ശ്രീ. ഷിബു ബേബി ജോൺ ആണ്. അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന പുതിയ നയം ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഗവൺമെന്റ് ജോലികളും

പൊതുമേഖലയിലുമൊക്കെ അവസരങ്ങൾ കുറവാണെന്ന് മനസ്സിലാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അഡീഷണലായി അവരുടെ കഴിവുകൾ വികസിപ്പിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റാനുള്ള തീരുമാനം വളരെ ശ്രമകരമാണെങ്കിലും അത് പ്രഖ്യാപിച്ചു. എനിക്കൊരു സജഷനുള്ളത്, അത് സമയബന്ധിതമായി നടപ്പിലാക്കാൻ അങ്ങ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. ബഡ്ജറ്റിൽ തൊഴിൽ വകുപ്പിന്റെ ഈ പ്രഖ്യാപനം ആകർഷകമാണ്. പക്ഷേ ഒരു വർഷം കഴിയുമ്പോൾ നടന്നില്ല എന്നുള്ള പരാതി വരരുത്. ചെറുപ്പക്കാർക്ക് ഐ.ടി.ഐ. കേന്ദ്രമാക്കിക്കൊണ്ടാണ് ഈ നീക്കങ്ങൾ നടത്താൻ പോകുന്നത്. വളരെ ശ്രമകരമാണ്. പക്ഷേ അഡീഷണൽ ആയി അവർക്ക് ക്വാളിഫിക്കേഷൻ ഉണ്ടാക്കിക്കൊടുക്കാൻ പോകുന്ന ഈ നിർദ്ദേശം നമ്മുടെ യുവസമൂഹം വളരെ താത്പര്യത്തോടുകൂടി കാത്തിരിക്കുകയാണ്. അതിനുള്ള സ്റ്റെപ്പ് ഫലപ്രദമായി അങ്ങ് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഹകരണ മേഖല, എത്രയോ വലിയ അനുഭവ സമ്പത്തിന്റെ ഉടമസ്ഥനായിട്ടുള്ള മന്ത്രിയാണ് ഇത് കൈകാര്യം ചെയ്യുന്നത്. ഇൻഡ്യയിലെ തന്നെ ഏറ്റവും ശക്തമായ സഹകരണ പ്രസ്ഥാനത്തിന്റെ ഒരു മേഖലയാണ് കേരളം. ന്യൂ ജനറേഷൻ ബാങ്കുകൾ കോടികളുടെയൊക്കെ കണക്ക് സംസാരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട സാധാരണക്കാരും കൃഷിക്കാരും തൊഴിലാളികളുമായിട്ടുള്ള ആളുകളുടെ ആശ്രയ കേന്ദ്രമാണ് ഗ്രാമീണ കോ-ഓപ്പറേറ്റീവ് ബാങ്കുകളും അതുപോലെയുള്ള മറ്റ് സഹകരണ പ്രസ്ഥാനങ്ങളുമെന്നുള്ള ചിന്ത തീർച്ചയായും അങ്ങ് ഇത് കൈകാര്യം ചെയ്യുമ്പോൾ എപ്പോഴും അങ്ങയുടെ നടപടികളിൽ പ്രതിഫലിക്കുന്നു എന്നുകാണുന്നത് സന്തോഷകരമാണ്. സഹകരണ പ്രസ്ഥാനത്തെ സാമാന്യ ജനങ്ങൾക്ക് ഇന്നുള്ളതിൽനിന്നും മെച്ചമായ സർവ്വീസ്, കൂടുതൽ

ക്വാളിറ്റിയോടുകൂടി നൽകാനുള്ള ശുപാർശകൾ സമർപ്പിക്കുവാനുള്ള ഒരു ഒമ്പതംഗ കമ്മിറ്റിയെ അങ്ങ് നിയോഗിച്ചു. അതിന്റെ കാലാവധി അവസാനിക്കാൻ ഇനി മൂന്നുമാസം മാത്രമേയുള്ളൂ.. പിന്നെ ഒരു എക്സ്റ്റെൻഷൻ വരുന്നില്ല. അവരെക്കൊണ്ട് ഈ സമയത്തുതന്നെ സാധാരണക്കാർക്ക് ഇന്നുള്ള സർവ്വീസ് കുറച്ചുകൂടി മെച്ചപ്പെടുത്തി കൊടുക്കത്തക്ക രീതിയിലുള്ള ശുപാർശകൾ സമർപ്പിക്കുവാൻ ടൈം എക്സ്റ്റെന്റ് ചെയ്യാതെ മുന്നുമാസം കൊണ്ടുതന്നെ ആ റിപ്പോർട്ട് വാങ്ങി ഈ വർഷംതന്നെ അതിന്റെ നടപടികൾ അങ്ങ് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എനിക്ക് ഒന്നുരണ്ട് സജഷൻസ് വയ്ക്കാനുണ്ട്. കേരളത്തിൽ എവിടെപ്പോയാലും പാവപ്പെട്ടവൻ ഇന്ന് കാണുന്നത് സ്വർണ്ണപ്പണയത്തിന്റെ പരസ്യങ്ങളാണ്. നൂറു രൂപയ്ക്ക് ഒരു രൂപ പലിശ എന്നൊക്കെയാണ് പറച്ചിൽ. സ്വർണ്ണ പ്പണയവുമായി ചെല്ലുമ്പോൾ കൊടുക്കേണ്ട പലിശ നിരക്ക് ഫലത്തിൽ വരുന്നത് എത്രയോ വലിയ പലിശയാണ്. എന്തുകൊണ്ട് നമ്മുടെ സഹകരണ ബാങ്കുകളെ ഇങ്ങനെ ആകർഷകമാക്കിക്കൂടാ? നേരത്തെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഒരു ജോയിന്റ് പബ്ലിസിറ്റി സ്കീം ഉണ്ടായിരുന്നു. കേരളം മുഴുവൻ ഒരുമിച്ച് പബ്ലിസിറ്റി കൊടുത്ത് സാധാരണക്കാർക്ക് സ്വർണ്ണപ്പണയത്തിനു വേണ്ടി ചെല്ലാം. ആയിരത്തിൽപ്പരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുണ്ട്. എല്ലാ ഗ്രാമങ്ങളിലുമുണ്ട്. എന്തുകൊണ്ട് കേരളീയ ജനതയ്ക്ക് അവർക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പെട്ടെന്ന് പണയം വയ്ക്കാൻ സഹകരണ ബാങ്കിലേയ്ക്ക് പോകുന്നില്ല? പബ്ലിസിറ്റിയുടെ കുറവാണ്. ഡിപ്പാർട്ടുമെന്റ് മുൻകയ്യെടുത്ത് നല്ല പ്രചരണം കൊടുക്കണം. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ജോയിന്റ് പബ്ലിസിറ്റി ഇപ്പോൾ ഫലപ്രദമല്ല. അതുകൊണ്ട് പുതിയ സ്റ്റെപ്പെടുത്ത് നമ്മുടെ ഗ്രാമീണ ബാങ്കുകളെ ഇങ്ങനെ

യൊരു സഹായഹസ്തമായി മാറ്റുവാൻ നടപടി സ്വീകരിക്കുന്നത് നന്നായിരിക്കും. അതിൽ നല്ല നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വേറെ രണ്ടു മൂന്ന് കാര്യങ്ങളുണ്ട്. പല തീരുമാനങ്ങളും രജിസ്ട്രാർ സർക്കുലറായി കൊടുക്കുന്നു. ഇത് പ്രാദേശികമായി ബൈലോയിൽ അമെന്റ്മെന്റ് വരുത്തി ഗ്രാമീണ ജനതയ്ക്ക് പ്രയോജനകരമാക്കുന്നുണ്ടോ? വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി പത്തുകൊല്ലംവരെ ആക്കിയിട്ടുണ്ട്. ഇത് സാധാരണക്കാർക്ക് അറിയാമോ? പത്തുകൊല്ലത്തെ ഒരു സാവകാശം കിട്ടിയാൽ ഓരോ ഇൻസ്റ്റോൾമെന്റ് കുറഞ്ഞുകിട്ടും, കുടിശ്ശിക വരില്ല. ഇപ്പോൾ ഇത് ഒളിച്ചുവച്ചിരിക്കുകയാണ് പലയിടത്തും. ഇപ്പോഴും മാക്സിമം അഞ്ചു കൊല്ലം എന്ന നിലയിൽ കാര്യങ്ങൾ പോകുകയാണ്. അപ്പോൾ വലിയ ഇൻസ്റ്റോൾമെന്റ് വരും, കുടിശ്ശിക വരും, അടവ് വരില്ല, ആളുകൾക്ക് അടയ്ക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുവരുന്നു. ബാങ്കിനും അത് ദോഷകരമായി വരുന്നു. രജിസ്ട്രാർ സർക്കുലറിലൂടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ ബൈലാ-യിൽ അമെന്റുമെന്റ് വരുത്തി നടപ്പിലാക്കുന്നുണ്ടോയെന്നുള്ളതിന് ഒരു പരിശോധന നടക്കുന്നുണ്ടോ? . അങ്ങേയ്ക്ക് അനുഭവസമ്പത്തുള്ളതുകൊണ്ട് തീർച്ചയായും അതിന് സാധിക്കുമെന്ന് കരുതുന്നു. അതുകൊണ്ട് അത് പരിശോധിക്കണം. സാമാന്യജനങ്ങൾക്ക് ആശ്വാസകരമായ നിർദ്ദേശങ്ങൾ കൊടുത്താൽ, പ്രാദേശികമായിട്ടുള്ള ബാങ്കുകൾ ബൈലാ അമെന്റുമെന്റ് വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. കാർഷിക വായ്പ 25,000 രൂപ വരെകൊടുക്കാമെന്ന് നിർദ്ദേശമുണ്ട്. പക്ഷേ ഭൂരിപക്ഷം ബാങ്കുകളിലും ഇപ്പോഴും ആ തുക എത്തിയിട്ടില്ല, ചെറിയ തുകയിൽ തന്നെ നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു

ബാങ്കുണ്ട്, പേര് പറയുന്നില്ല. മാക്സിമം 5000 രൂപയാണ് വായ്പ കൊടുക്കുന്നത്. സഹകരണമേഖലയിൽ ഇപ്പോൾ വന്നിരിക്കുന്ന കുഴപ്പം ഇതാണ്. ജനങ്ങൾക്ക് എത്ര രൂപ വരെ ലോൺ കിട്ടും, അതിന്റെ കാലാവധി എത്രയാണ് , ഇതൊന്നും അറിയില്ല. സുതാര്യതയില്ല. അതുകൊണ്ട് വരുത്തുന്ന പരിഷ്ക്കാരങ്ങൾ, രജിസ്ട്രാർ കൊടുക്കുന്ന സർക്കുലറിലെ കാര്യങ്ങൾക്ക് ആവശ്യമായ പ്രചരണം കൊടുക്കുകയും അതിന്റെ പ്രയോജനം അവർക്ക് കിട്ടുകയും വേണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം ബാങ്കുകളുടെ ക്ലാസിഫിക്കേഷനാണ്. ഇതനുസരിച്ച് 25 കോടി രൂപ ആസ്തിയുള്ള ഒരു ബാങ്ക് കൊടുക്കുന്ന വായ്പാതുക കൂടുതലായിരിക്കും. പക്ഷേ ആസ്തി അതിലും കുറവാണെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾക്ക് കിട്ടുന്ന വായ്പയും കുറവായിരിക്കും. ഒരു പ്രദേശത്ത് ഒരു ബാങ്കുമാത്രമേ അനുവദിക്കുകയുള്ളൂ. ചില പ്രദേശങ്ങളിലെ ബാങ്ക് വലിയ ആസ്തിയുള്ള ബാങ്കാണ്, അവിടത്തെ ആളുകൾക്കാണ് അതിന്റെ പ്രയോജനം ലഭിക്കും. 25 ലക്ഷം രൂപ വരെ അവർക്ക് വായ്പ കിട്ടും. അതേ സമയം ഒരു കോടി രൂപ വരെ വായ്പാനിക്ഷേപമുള്ള ബാങ്കിലെ ആളുകൾക്ക് കിട്ടുന്നത് 3 ലക്ഷം രൂപയാണ്. ഒരു ഗ്രാമത്തിൽ ഒന്നിൽക്കൂടുതൽ ബാങ്കുകൾ അനുവദിക്കുകയുമില്ല. അപ്പോൾ ഇതെങ്ങനെ പരിഹരിക്കാനാകും? നമ്മുടെ സംസ്ഥാനത്ത് ആയിരത്തോളം പഞ്ചായത്തുകളുണ്ട്. പകുതിയിലധികം പ്രദേശത്തെ ജനങ്ങൾക്കും കിട്ടേണ്ട അവകാശം ചിലയിടത്ത് കിട്ടുകയും ചിലയിടത്ത് കിട്ടാതിരിക്കുകയും ചെയ്യും. ഇതെങ്ങനെ പരിഹരിക്കാൻ സാധിക്കും? എല്ലാവരുടേയും അവകാശമല്ലേയിത്? അതുകൊണ്ട് ഇതിനാവശ്യമായ മാറ്റം, അവർക്കുകൂടി ഈ സൗകര്യം കിട്ടത്തക്കവണ്ണം അതിന്റെ ക്രമീകരണം വരു

ത്തേണ്ടതുണ്ട്. 2009-ലെ രജിസ്ട്രാറുടെ ഒരു സർക്കുലറുണ്ട്. ഈ സർക്കുലറിൽ കൊടുക്കാവുന്ന വായ്പയുടെ പരിധി, നിലവിലുണ്ടായിരുന്നത് ഉയർത്താത്ത ചില കേസ്സുകൾ, ചില കാര്യങ്ങളുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒന്ന്, ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും നിലവിലുളളത് 5 ലക്ഷം രൂപയാണ്, അതിന് മാറ്റം ഇല്ല. പുതുക്കിയതും 5 ലക്ഷം രൂപ. പിന്നെയൊരിടത്ത് പറയുന്നത് വീട് വയ്ക്കുന്നതിന്/ ഭൂമി വാങ്ങുന്നതിന് 5 ലക്ഷം രൂപയാണ്. അത് ഉയർത്തിയിട്ടില്ല. അങ്ങും ഉയർത്തിയിട്ടില്ല. അതിപ്പോഴും 5 ലക്ഷംരൂപയായിത്തന്നെ നിൽക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസ വായ്പയായി കൊടുക്കുന്നത് 25,000 രൂപയാണ്. പാവപ്പെട്ട ആളുകൾക്ക് ഈ തുക വച്ച് എന്ത് ചെയ്യാനാകും? ഈ തുക അങ്ങ് ഉയർത്തിയിട്ടില്ല, അത് ഉയർത്തണം. വിവാഹവായ്പയുടെ പരിധിക്ക് അങ്ങ് ഉയർത്തിയ റേറ്റ് കുറവാണ്. അത് തീർച്ചയായും ഉയർത്തണം. ചികിത്സയെ സംബന്ധിച്ച് പറയുകയാണെങ്കിൽ എത്രയോ ചെലവേറിയ ചികിത്സയാണ് ഇന്നുളളത്. പാവപ്പെട്ട ആളുകൾക്ക് ചികിത്സാച്ചെലവ് ഒരു ലക്ഷം രൂപയെന്നത് 3 കൊല്ലം മുമ്പാണ് ഒന്നരലക്ഷം രൂപയായി ഉയർത്തിയത്. അതുകൊണ്ട് ഇതിന്റെ പരിധി കൂടുതലായി വർദ്ധിപ്പിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. ഇതൊക്കെ ഒരുപക്ഷേ ഈ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വന്നേയ്ക്കുമായിരിക്കും. പക്ഷേ അതിന് സമയമെടുക്കും. അതുകൊണ്ട് രജിസ്ട്രാറുടെ ഒരു പുതിയ സർക്കുലർ ഇറക്കിക്കൊണ്ട് നേരത്തെ രജിസ്ട്രാർ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയോയെന്ന് പരിശോധിക്കുകയും ഇന്ന് ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് നിലവിലുണ്ടായിരുന്ന റേറ്റും, അതിന്റെ കാലാവധിയും വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ തീർച്ചയായും സ്വീകരിക്കണം. ശ്രീ.

അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ സംസാരിച്ചപ്പോൾ ബാങ്കുകളുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. എന്തുകൊണ്ട് നമുക്ക് കോർബാങ്കിംഗ് സംവിധാനം ആയിക്കൂടാ. സഹകരണബാങ്കുകളോട് പുതിയ തലമുറക്ക് താൽപ്പര്യമില്ല. അവർ ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്കും നാഷണ ലൈസ്ഡ് ബാങ്കുകളിലേയ്ക്കും കോമേഴ്സ്യൽ ബാങ്കുകളിലേയ്ക്കുമാണ് പോകുന്നത്. അവർ സഹകരണമേഖലയിലോട്ട് കയറുന്നില്ല. കാരണം എന്താണ് ഇതിന്റെ സർവ്വീസ്? പുതുതായി ടെക്നോളജി മാറിയപ്പോഴു ളള സേവനം സഹകരണ ബാങ്കുകളിൽ കിട്ടുന്നുണ്ടോ? എനിക്ക് എന്തെ ങ്കിലും കാരണവശാൽ ചങ്ങനാശ്ശേരിയിൽനിന്നും പണം കൊണ്ടുവരാൻ സാധിച്ചില്ല; എനിക്ക് ആരോടെങ്കിലും കൈവായ്പ വാങ്ങണം. പക്ഷേ അതിന് സംവിധാനമുണ്ടോ അവിടെ നിന്ന്? അവിടെയുളള ഒരു ബാങ്കിൽ എനിക്ക് ഒരു അക്കൗണ്ട് ഉണ്ടെങ്കിൽ, ഇവിടെനിന്നും ആരോടെങ്കിലും കൈവായ്പ വാങ്ങിയാൽ, വീട്ടിൽ വിളിച്ചുപറഞ്ഞ് അവിടെ പണം ഡെപ്പോ സിറ്റ് ചെയ്താൽ ഇവിടത്തെ പ്രശ്നം പരിഹരിക്കാനാകും. അത് കോർബാങ്കിംഗിന്റെ പ്രത്യേകതയാണ്. പക്ഷേ സഹകരണ ബാങ്കുകൾക്ക് അങ്ങനെയൊരു പ്രത്യേകതയുണ്ടോ? കോർ ബാങ്കിംഗിനെക്കുറിച്ച് പഠി ക്കാൻ അങ്ങൊരു ഓഫീസറെ നിയോഗിച്ചിട്ടുണ്ടായിരുന്നു. അതിന്റെ റിപ്പോർട്ട് കിട്ടിയോ? ഇല്ലെങ്കിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ സഹകരണ മേഖലയിൽ പെട്ടെന്ന് കൊണ്ടുവന്ന് ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക നുസരിച്ച് സഹകരണമേഖലയെ മാറ്റുവാനുളള നടപടികൾ സ്വീകരിക്കേണ്ട തായിട്ടുണ്ട്.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മെമ്പറുടെ സമയം അവസാനിച്ചു.

ശ്രീ. സി.എഫ്. തോമസ്: സർ, സബ്സിഡി സംബന്ധിച്ച് പറയുകയാണെങ്കിൽ സബ്സിഡി കൊടുക്കുന്നതൊന്നും ആർക്കും കിട്ടുന്നില്ല. സബ്സിഡിയുടെ പ്രഖ്യാപനങ്ങൾ വരുന്നുണ്ട്. വായ്പ തിരിച്ചടയ്ക്കുന്ന സമയത്തേയ്ക്കാണ് പലരും സബ്സിഡി വച്ചിട്ടുള്ളത്. അത് പ്രയോജനപ്രദമായി മാറ്റുവാൻ ബാങ്കിൽ വായ്പ കൊടുക്കുമ്പോൾത്തന്നെ സബ്സിഡി കൊടുക്കണം. ബാങ്കിൽ നിലവിൽ ഒൺടൈം സെറ്റിൽമെന്റിന് വേണ്ടി ധാരാളം പണം ചെലവാക്കുന്നുണ്ട്. അവസാനം എത്രയോ രൂപ നഷ്ടപ്പെടുത്തുന്നു. ഒൺടൈം സെറ്റിൽമെന്റിലൂടെ സർക്കാരിന് എന്തുമാത്രം രൂപയാണ് നഷ്ടപ്പെടുന്നത്. പക്ഷേ ശാസ്ത്രീയമായ നടപടികളിലൂടെ തവണ സമയത്ത് അടയ്ക്കത്തക്കവണ്ണമുള്ള സംവിധാനം ഒരുക്കണമെങ്കിൽ ഇടപാടുകാർക്ക് ആശ്വാസകരമായ രീതിയിൽ കാര്യങ്ങൾ മാറ്റണം. അതിന് സർക്കാർ കൊടുക്കുന്ന നിർദ്ദേശങ്ങൾ പ്രായോഗികമായും പ്രാദേശികമായും നടപ്പിലാക്കുന്നുണ്ടെന്നതിന് പരിശോധന കൃത്യമായി നടപ്പാക്കി ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിൽ സഹകരണമേഖലയെ മാറ്റുവാൻ ഈ രംഗത്ത് ഒരുപാട് അനുഭവമുള്ള അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും സഹകരണവും പ്രവാസികാര്യവും സംബന്ധിച്ച സർക്കാരിന്റെ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ത്യയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിലും തൊഴിലാളിക്ഷേമപദ്ധതികൾ പ്രാവർത്തികമാക്കുന്നതിലും കേരളം ഏറെ മുന്നിലാണ്. എന്നാൽ പുതുതായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ, നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട്. അതിലേറ്റവും പ്രധാനമായിട്ടുള്ളത് ആതുരസേവന രംഗത്ത് പ്രവർത്തിക്കുന്ന നഴ്സുമാരുടെ പ്രശ്നങ്ങളാണ്.

വലിയ തോതിൽ ഇത് ചർച്ച ചെയ്യപ്പെടുകയാണ്. ആതുര ശുശ്രൂഷാരംഗത്ത് ലോകമാകെ പ്രകീർത്തിക്കപ്പെടുന്നവരാണ് മലയാളി നഴ്സുമാർ. മനുഷ്യ സ്നേഹത്തിന്റേയും ജീവകാരുണ്യത്തിന്റേയും പ്രഭാവലയത്തിനു പിന്നിൽ അതീവ ഗുരുതരമായ ചൂഷണത്തിന്റേയും അടിമസമാനവും വിശ്രമരഹിതമായ കഠിനാദ്ധ്വാനത്തിന്റേയും കഥകളാണ് ഇന്നത്തെ തലമുറയിലെ നഴ്സുമാർക്ക് ഏറെ പറയാനുണ്ടാവുക. വ്യവസ്ഥാപിതവും നിയമാനുസൃതവുമായ സേവന-വേതന വ്യവസ്ഥകളുടെ അഭാവത്തിൽ കഠിനമായ ചൂഷണത്തിന്റെ ഇരകളാണ് ഇവരിലേറേയും. മണിക്കൂറുകളോളം ജോലി ചെയ്തിട്ടും ന്യായമായ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നില്ല. സംസ്ഥാനത്തിനകത്തും പുറത്തും ഈ പ്രശ്നങ്ങൾ വളരെ സജീവമായി നിലനിൽക്കുകയാണ്. പ്രവാസിക്ഷേമം സംബന്ധിച്ച നിയമസഭാസമിതി ഈയിടെ ബോംബെയിലും ഡൽഹിയിലും പോയി തെളിവെടുക്കുകയുണ്ടായി. അവിടെ നഴ്സുമാർ പറഞ്ഞ കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. വലിയ തോതിൽ ഈ പ്രശ്നങ്ങൾ അവരെ ബാധിക്കുന്നു. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പലപ്പോഴും നോക്കുകുത്തികളെപ്പോലെ നിൽക്കുകയാണ്. ഫലപ്രദമായ ഒരു നടപടിയും യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ല. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ശ്രദ്ധേയമായ ശുപാർശകൾ നൽകുകയുണ്ടായി. പക്ഷേ ബലരാമൻ കമ്മിറ്റി റിപ്പോർട്ട് പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമായില്ല. അത് മാനേജുമെന്റുകളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി വ്യവസായബന്ധ സമിതിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണെന്നാണ് എനിക്ക് കിട്ടിയ അറിവ്. യഥാർത്ഥത്തിൽ ഇത് അടിയന്തിരമായി നടപ്പിലാക്കി ഈ രംഗത്തെ ഞെട്ടിപ്പിക്കുന്ന ചൂഷണം അവസാനിപ്പിക്കുകയാണ് വേണ്ടത്. എന്തുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ കാലതാമ

സം നേരിടുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ ഏതെങ്കിലും തരത്തിലുള്ള തൊഴിൽ സമരങ്ങൾ ഉണ്ടാക്കണമെന്ന് കരുതി സമരത്തിലേയ്ക്ക് പോകുന്നവരല്ല നഴ്സുമാരെന്ന് നമുക്കറിയാവുന്നതാണ്. അവരെല്ലാം അവരുടെ ജോലിയിൽ പൂർണ്ണമായും സമർപ്പിതമനസ്ക്കരായി ജോലി ചെയ്യുന്നവരാണ്. ഒട്ടും മാർഗ്ഗമില്ലാതെ വരുമ്പോഴാണ് അവരെല്ലാം സമരരംഗത്തേയ്ക്ക് ഇറങ്ങുന്നത്. ഇപ്പോൾ കേരളത്തിനകത്തും പുറത്തുമുള്ള നഴ്സുമാരുടെ ജീവിതപ്രശ്നങ്ങളും സേവന-വേതന വ്യവസ്ഥകളുമെല്ലാം വളരെ യാഥാർത്ഥ്യബോധത്തോടുകൂടി സർക്കാർ കൈകാര്യം ചെയ്യേണ്ടതായിരുന്നു. പക്ഷേ അതുണ്ടായില്ലെന്നത് ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണ്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധികളുടെ സ്ഥിതി വേണ്ടത്ര മെച്ചപ്പെട്ടതല്ല. ഇതിന് ഗവൺമെന്റ് മാറ്റിവയ്ക്കുന്ന വിഹിതം പോരാ. പല ക്ഷേമപദ്ധതികളുടെയും പ്രവർത്തനം അവതാളത്തിലാണ്. കശുവണ്ടി തൊഴിലാളി ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ കഴിഞ്ഞ ആറുമാസമായി നൽകിയിട്ടില്ല. ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് ആവശ്യമായിട്ടുള്ള തുകയുടെ പത്ത് ശതമാനം മാത്രമാണ് മാറ്റി വച്ചിട്ടുള്ളത്. തയ്യൽത്തൊഴിലാളികളുടെ ക്ഷേമപദ്ധതി 2011 ഒക്ടോബർ മുതൽ കുടിശ്ശികയാണ്. കേരള കർഷകതൊഴിലാളി ക്ഷേമനിധിയിൽ ആവശ്യമായതിന്റെ ഒരു ശതമാനത്തിൽ താഴെയാണ് ഫണ്ട് നീക്കിവച്ചിരിക്കുന്നത്. ഈ ക്ഷേമപദ്ധതികൾ നടപ്പിലാക്കാനാവശ്യമായ ഫണ്ട് മുഴുവൻ നീക്കിവയ്ക്കുന്നില്ലെങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യം പ്രാവർത്തികമാകാത്ത അവസ്ഥയിലേയ്ക്ക് പോകും. കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ നട

ത്തിപ്പിലും തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കഴിഞ്ഞ ഗവൺമെന്റ് വളരെ ശ്രദ്ധേയമായ നിലപാടുകളും നടപടികളും സ്വീകരിച്ചിരുന്നു. ഐ.എൻ.ടി.യു.സി.യുടെ സംസ്ഥാന ഭാരവാഹിയായ ശ്രീ.ആർ.ചന്ദ്രശേഖരൻ, അദ്ദേഹം ഇപ്പോൾ കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ ചെയർമാനാണ്. കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കശുവണ്ടി വികസന കോർപ്പറേഷനെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾക്ക് അന്നത്തെ ഗവൺമെന്റിനേയും മന്ത്രിയേയും പ്രകീർത്തിച്ചിരിക്കുകയാണ്. അന്നത്തെ മന്ത്രിയുടെ ഇക്കാര്യത്തിലുള്ള താത്പര്യം അഭിനന്ദനാർഹമാണെന്നാണ് അദ്ദേഹം പറയുന്നത്. ആ ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിച്ച കാര്യങ്ങളെ തുരങ്കം വയ്ക്കാൻ ഉദ്യോഗസ്ഥർ ശ്രമിച്ചെങ്കിലും മന്ത്രിയുടെയും ഗവൺമെന്റിന്റേയും ഇച്ഛാശക്തിയുള്ള നിലപാടുകളുടെ ഫലമായി അവ നടപ്പിലാക്കാൻ കഴിഞ്ഞു. പക്ഷേ ഇപ്പോൾ വ്യവസായ വകുപ്പിലെ ചില ഉദ്യോഗസ്ഥർ അതിനെ തകർക്കാൻ ശ്രമിക്കുന്നുവെന്നാണ് ഐ.എൻ.ടി.യു.സി. യുടെ സംസ്ഥാന പ്രസിഡന്റിന് പരസ്യമായി പറയേണ്ടിവന്നത്.

ലേബർ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. തൊഴിൽ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ ചുമതലപ്പെടുത്തപ്പെട്ട എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമാണെന്ന് പറയാൻ കഴിയില്ല. അത് പലപ്പോഴും ദുർബലമായി നിൽക്കുകയാണ്. ഇതിന്റെ ഫലമായി വലിയ ചൂഷണം ഈ മേഖലയിൽ നടക്കുകയാണ്. പ്രത്യേകിച്ച് അന്യ സംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ. അന്യ

സംസ്ഥാനങ്ങളിൽ നിന്ന് പണിയെടുക്കാൻ വരുന്ന തൊഴിലാളികളെ ഇവിടെ വളരെ ക്രൂരമായി ചൂഷണം ചെയ്യുകയാണ്. പാലക്കാടും കേരളത്തിന്റെ മറ്റ് പല ജില്ലകളിലുമുള്ള വ്യവസായ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ഇരുമ്പുരുക്ക് സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. കേരളത്തിൽ ബാധകമായിട്ടുള്ള സേവന വേതന വ്യവസ്ഥകളൊന്നും അവർക്ക് നൽകുന്നില്ല. വളരെ അപകടകരമായിട്ടുള്ള ജീവിത സാഹചര്യങ്ങളിൽ അവർ തൊഴിലെടുക്കുന്നു. അത് തിരിച്ചറിയാനും ഈ മേഖലയിൽ കർശനമായ നിലപാടുകൾ എടുക്കാനും നമ്മൾ സന്നദ്ധമാകേണ്ടതുണ്ട്. അതുപോലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഏറ്റവും നന്നായി പ്രവർത്തിക്കേണ്ട ഒന്നാണ്. പക്ഷേ അത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പന്ത്രണ്ട് ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. പക്ഷേ നാമമാത്രമായ തൊഴിലാളികൾ മാത്രമേ ആ പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ളു. കാരണം തൊഴിലാളികൾക്ക് ആകർഷകമായിട്ടുള്ള കാര്യങ്ങൾ അതിലില്ല. ഈ പ്രശ്നമുന്നയിച്ചുകൊണ്ട് തൊഴിലാളികൾ ജൂലൈ 17 -ാം തീയതി സംസ്ഥാന വ്യാപകമായി പണി മുടക്കുന്നതിന് നോട്ടീസ് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഫലപ്രദമായ നിലപാട് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പ്രവാസി ക്ഷേമം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫ് ചൂണ്ടിക്കാണിച്ചത് വളരെ ശരിയായ കാര്യമാണ്. ഒരു പ്രത്യേക ഹെഡ് ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത് അമ്പതിനായിരം കോടി രൂപ ഒരു വർഷം നമ്മുടെ ഖജനാവിലേയ്ക്ക് നൽകുന്ന വിഭാഗ

മാണ് പ്രവാസികളെന്നാണ്. പക്ഷെ ആ പ്രാധാന്യത്തോടെ ഗവൺമെന്റ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന് എനിക്ക് സംശയമാണ്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റാണ് പ്രവാസികൾക്ക് ഒരു ക്ഷേമനിധി കൊണ്ടുവന്നത്. കഴിഞ്ഞ ഒരു വർഷമായി ആ ക്ഷേമനിധി ബോർഡ് യോഗം പോലും ചേർന്നിട്ടില്ല. ഒരു ചെയർമാനെ നിശ്ചയിച്ചുവെന്നുള്ളത് ശരിയാണ്. എന്തുകൊണ്ടാണ് ഒരു വർഷമായിട്ടും ക്ഷേമനിധി ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ കഴിയാതെ പോയത്. അത് പ്രവർത്തിക്കുന്നില്ല എന്നുള്ളതുകൊണ്ടുതന്നെ ന്യായമായി പ്രവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. വളരെ കുറച്ച് ആളുകൾ മാത്രമേ ഈ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളു. ഇരുപത്തഞ്ചു ലക്ഷത്തിലേറെ പ്രവാസികൾ ഉണ്ടായിട്ടും തിരിച്ചുവന്ന ധാരാളം പ്രവാസി കൾ ഉണ്ടായിട്ടും അതിൽ അംഗങ്ങളായിട്ടുള്ളത് ഏതാനും ആയിരങ്ങൾ മാത്രമാണ്. അതിൽ ചില അപ്രായോഗികമായ അനാകർഷകമായ കാര്യങ്ങ ളുണ്ട്. ഗവൺമെന്റ് അക്കാര്യം വളരെ ശ്രദ്ധാപൂർവ്വം നോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിലെ പെൻഷൻ പ്രായം 55 വയസ്സ് എന്നുള്ളത് 60 വയസ്സാക്കണമെന്നുള്ള പ്രവാസികളുടെ ആവശ്യം അംഗീകരിക്കണം. നിയമസഭയിൽ അതിനായി ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. പ്രവാസി ക്ഷേമനിധിയിൽ ഏറ്റവും അനാകർഷകമായ കാര്യം ആ ക്ഷേമനിധിയിൽ മുപ്പത്തഞ്ചോ നാല്പതോ വയസ്സുള്ള ഒരാൾ വിഹിതം അടയ്ക്കാൻ തുടങ്ങിയാൽ അയാൾ 55 വയസ്സിൽ വിരമിക്കുമ്പോൾ അടച്ച തുക പോലും അവർക്ക് തിരിച്ചു കൊടുക്കുന്നില്ല. വെറും പെൻഷൻ എന്ന പ്രഖ്യാപനം കൊണ്ടുമാത്രം പ്രവാസി അതിൽ താത്പര്യം കാണിക്കില്ല. നിയമസഭയിൽ കൊണ്ടുവന്ന് ഒരു ഭേദഗതിയിലൂടെ ഈ അടച്ച സംഖ്യയും അതിന്റെ മറ്റ്

ആനുകൂല്യങ്ങളും പ്രവാസിക്ക് നൽകുന്നതിന് ഈ നിയമത്തിൽ ഒരു ഭേദഗതിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ പ്രവാസികളുടെ നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ ഒരു കാര്യം ഗൾഫ് മേഖലയിൽ നിന്ന് അവിദഗ്ദ്ധ തൊഴിലാളികൾ വൻതോതിൽ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അതിന് പലകാരണങ്ങളുണ്ട്. പക്ഷേ നമ്മുടെ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമം ഈ അവിദഗ്ദ്ധ തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ അഭിപ്രായം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തോട് പറയണമെന്ന അഭിപ്രായം എനിക്കുണ്ട്. കാരണം ഇപ്പോഴത്തെ ഒരു നിയമം അനുസരിച്ച് യു.എ.ഇ.-ലേയ്ക്കൊക്കെ അവിദഗ്ദ്ധ തൊഴിലാളികൾ പോകുമ്പോൾ ഇൻഡ്യൻ എംബസിയിൽനിന്ന് പ്രത്യേകമായ അനുമതി ലഭിച്ചാലേ എമിഗ്രേഷൻ ക്ലിയറൻസ് കിട്ടുകയുള്ളു. ഒരു ലക്ഷം രൂപയ്ക്ക് സമാനമായ സംഖ്യ അവിടെ കെട്ടിവയ്ക്കുകയും വേണം. വീടുകളിലും അതുപോലെ ഒറ്റപ്പെട്ട റസ്റ്റോറന്റുകളിലും കടകളിലുമൊക്കെ ജോലിക്ക് പോകുന്ന ആളുകൾ അത്രയും സംഖ്യ കെട്ടിവയ്ക്കാൻ പലപ്പോഴും തയ്യാറാവുകയില്ല. രണ്ട് കാര്യങ്ങൾ നടക്കുന്നു. ഒന്നുകിൽ ഇന്ത്യൻ തൊഴിലാളികളെ വിളിക്കാതെ പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്നുള്ള തൊഴിലാളികളെ വിളിക്കുന്നു. നമ്മുടെ ആളുകളുടെ തൊഴിലവസരം കുറയുന്നു. അതല്ലെങ്കിൽ എമിഗ്രേഷൻ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പോകാൻ ആളുകൾ നിർബന്ധിതരാകുന്നു. ഇത്തരത്തിലുള്ള കാര്യങ്ങൾ കൂടി പരിശോധിക്കേണ്ടതുണ്ട്. മറ്റൊന്ന് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യമാണ്. നമ്മുടെ എംബസികളിൽ ആളുകൾക്ക് കയറിച്ചെല്ലാൻ കഴിയുന്ന വിധത്തിൽ മലയാളി ഉദ്യോഗസ്ഥരെ

നിയമിക്കാൻ ഇൻഡ്യാ ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ടതുണ്ട്. എയർ ഇന്ത്യ പോലെയുള്ള വിമാന കമ്പനികൾ നിരന്തരമായ ചൂഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഗൾഫിലേയ്ക്കുള്ള വിമാന ചാർജ്ജ് മറ്റ് സെക്ടറുകളിലേയ്ക്കുള്ളതിനേക്കാൾ കൂടുതൽ ഈടാക്കുന്നു. ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നമാണ് സേവന നികുതിയുടെ പ്രശ്നം. അത് ബാങ്കുകളിൽ നിന്ന് മാത്രമേ ഈടാക്കുകയുള്ളു. പ്രവാസികൾക്ക് ബാധകമാക്കില്ല എന്നുപറഞ്ഞാൽ അത് പ്രാവർത്തികമാകുമോ? സ്വാഭാവികമായും ബാങ്കുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ പ്രവാസികളിൽ നിന്നുതന്നെയാണ് ഈടാക്കുക. അത് പൂർണ്ണമായി പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകാതെ ഈ പ്രശ്നത്തിൽ നിന്ന് പൂർണ്ണമായും വിമുക്തമാകാൻ കഴിയില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പച്ച നിറത്തെക്കുറിച്ച് പറഞ്ഞു. പച്ച നിറം ഒരു മോശപ്പെട്ട നിറമാണെന്ന് ഞങ്ങൾക്കാർക്കും അഭിപ്രായമില്ല. നമ്മുടെ നിത്യഹരിതമായ പച്ചപ്പാടങ്ങൾ അതുപോലെതന്നെ പച്ച പുതച്ച മലനിരകൾ ഇതെല്ലാം ആർക്കാണ് എതിർക്കാൻ കഴിയുന്നത്. പക്ഷേ നിറം ഒരു പ്രശ്നമായി വരുന്നത് ആവശ്യമില്ലാത്ത സമയത്ത് ഇത് പറയുമ്പോഴാണല്ലോ. ഇവിടെ പച്ചയുടെ പ്രത്യേകതകളെക്കുറിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു. ഒരു പ്രത്യേക ചടങ്ങിൽ പങ്കെടുക്കുമ്പോൾ പച്ച സാരിയുടുത്ത് വരണമെന്നൊക്കെ പറയുമ്പോഴാണ് പ്രശ്നമായി വരുന്നത്. അത് ശരിയല്ല എന്ന് തോന്നിയതുകൊണ്ടാണല്ലോ ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തതും. ഇവിടെ നിറത്തിന്റെ പ്രശ്നം അത് അനവസരത്തിൽ പ്രയോഗിക്കുമ്പോഴും പറയുമ്പോഴുമാണ് ഉണ്ടാകുന്നത് എന്ന കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. എ. മാധവൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഹൃദയത്തിന്റെ ഭാഷയിൽ പിന്താങ്ങാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരളത്തിൽ പിന്നിട്ട ഒരു വർഷക്കാലം പ്രത്യക്ഷമായി വികസന വിരുദ്ധനയം സ്വീകരിച്ചുവെന്ന ഒരാരോപണമുന്നയിക്കാനാകാതെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി കൂടുതൽ മെച്ചപ്പെട്ട ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്ന പ്രതിപക്ഷ സുഹൃത്തുക്കൾക്കുപോലും ഈ സർക്കാരിനെയോ മന്ത്രിമാരെയോ ചെറുതായൊന്ന് വേദനിപ്പിക്കുന്ന തരത്തിലുള്ള യാതൊരു കാര്യവും പറയാനില്ലായിരുന്നു. കേരളത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പ്രവാസികാര്യ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇന്നത്തെ ചർച്ചയിൽ വരുന്നത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു സ്ഥലത്തെ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെടാത്ത ആരുമുണ്ടാവുമെന്ന് എനിക്ക് തോന്നുന്നില്ല.  പതിനയ്യായിരത്തോളം സഹകരണ സംഘങ്ങൾ കേരളത്തിലുണ്ട്.  ബാങ്കുകളിൽ പോയാൽ വായ്പ ലഭിക്കാത്ത കേരളത്തിലെ സാധാരണക്കാരായ ചെറുകിട കൃഷിക്കാരൻ, നാമമാത്ര കൃഷിക്കാരൻ, കർഷത്തൊഴിലാളികൾ, ഏതെങ്കിലും ആവശ്യങ്ങൾക്കായി പത്ത് രൂപ കടം വാങ്ങാനായി ആരെയെങ്കിലും സമീപിക്കാനില്ലാത്തവർ, ഇവർക്കെല്ലാം ധൈര്യപൂർവ്വം കടന്നുചെല്ലാവുന്ന നിലയിലാണ് നമ്മുടെ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. ഒന്നല്ലെങ്കിൽ മറ്റൊന്ന് എന്ന രീതിയിൽ ഇവിടെ തഴച്ചുവളരുന്ന  ബ്ലേഡ് പലിശക്കാരന്റെ കഴുത്തറപ്പൻ സമീപനത്തിൽ നിന്ന് രക്ഷപ്പെടാൻ എല്ലാ കാലത്തും ആശ്രയമായി നിന്നത് സർവ്വീസ് സഹകരണ ബാങ്കുകളാണ്.  കാർഷിക രംഗത്തോ ആ രീതിയി

ലുള്ള സർവ്വീസ് രംഗത്തോ മാത്രം നിലനിന്നിരുന്ന സഹകരണ സ്ഥാപനങ്ങൾ കടന്നുചെല്ലാത്ത ഒരു മേഖലയുമില്ലെന്ന രീതിയിൽ കേരളം മാറിയിട്ടുണ്ട്. സഹകരണ ഗ്രാമമെന്ന് പത്രവാർത്തകളിൽ ഇടം പിടിക്കുന്ന രീതിയിൽ സർക്കാർ തരുന്ന സഹായങ്ങളൊക്കെ സഹകരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാവുന്ന സ്ഥിതിയിലേയ്ക്ക് ഈ സഹകരണ പ്രസ്ഥാനം എത്തിയിരിക്കുന്നു. ആ മേഖലയിൽ ഒട്ടേറെ ജനോപകാരപ്രദമായ, എല്ലാവരും ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പദ്ധതികൾ, ജനങ്ങളിലേയ്ക്ക് അവതരിപ്പിച്ചുകൊണ്ടുള്ള ഒരു തേരോട്ടം പോലെയോ ഒരു ജൈത്രയാത്ര പോലെയോ ഒരു യാഗാശ്വത്തെപ്പോലെയോ ആണ് ഐക്യജനാധിപത്യ മുന്നണി. സർക്കാരിന്റെ സഹകരണ വകുപ്പിന് നേതൃത്വം നൽകുന്ന ശ്രീ .സി. എൻ. ബാലകൃഷ്ണന്റെ നേതൃത്വപരമായ പങ്ക് വിളിച്ചോതുന്ന രീതിയിൽ ഈ വകുപ്പ് മുന്നോട്ടുപോകുന്നത്. ഒന്നോ രണ്ടോ ചെറിയ കാര്യങ്ങളല്ല അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയിട്ടുള്ളത്. കഴിഞ്ഞ കുറച്ചുനാളുകളായി കൺസ്യൂമർ ഫെഡ് ഒന്നൊന്നായി നടപ്പിലാക്കിയ എല്ലാ പദ്ധതികളും കേരളത്തിലെ എല്ലാ വിഭാഗം ആളുകളേയും സ്പർശിക്കുന്ന വിധത്തിലുള്ളതാണ്. എല്ലാ വിഭാഗം ആളുകളുടെയും വീട്ടുപടിക്കലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തുന്ന ഒരു പദ്ധതി പ്രതിപക്ഷാംഗങ്ങൾക്ക് എങ്ങനെയാണ് എതിർക്കാൻ കഴിയുന്നത്. ഇടതുപക്ഷ മുന്നണിയെന്ന പേരിൽ സാധാരണക്കാർക്ക് ആനുകൂല്യം കിട്ടുന്ന പദ്ധതികളെ പിന്താങ്ങാതിരിക്കാൻ അവർക്ക് കഴിയില്ല. ആ പദ്ധതി ഞങ്ങളുടെ പ്രദേശങ്ങളിലും വേണമെന്ന ആവശ്യവും അതിലുൾപ്പെടുത്തേണ്ട നിത്യോപയോഗ സാധനങ്ങളുടെ പട്ടിക നീട്ടിക്കൊടുക്കലുമല്ലാതെ കൺസ്യൂമർ ഫെഡിന്റെ സഞ്ചരിക്കുന്ന ത്രിവേണി എന്ന പദ്ധതിയെ എതിർക്കാൻ ആർക്കും കഴിയില്ല. നന്മ സ്റ്റോറു

കളുടെ കാര്യവും അതുതന്നെയാണ്. നിത്യോപയോഗ സാധനങ്ങൾ ഏറ്റവും മാതൃകാപരമായി വില കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് നന്മ സ്റ്റോറുകളിലൂടെ ഉദ്ദേശിക്കുന്നത്. ഓണം, റംസാൻ കാലങ്ങളിൽ ഏകദേശം 5132 വിപണന കേന്ദ്രങ്ങൾ തുറക്കാൻ കൺസ്യൂമർ ഫെഡിന് കഴിഞ്ഞിട്ടു ണ്ട്. ഇങ്ങനെ എണ്ണിയെണ്ണിപ്പറയാതെ തന്നെ കഴിഞ്ഞ കുറച്ചു നാളുകളായി കേരളത്തിൽ കൺസ്യൂമർ ഫെഡ് വഴിയും മറ്റിതര പ്രവർത്തനങ്ങൾ വഴി യും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി ഈ മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ കഴിഞ്ഞുവെന്നതുതന്നെ ഈ സർക്കാരിന്റെ ഒരു മുഖമു ദ്രയായി എടുത്തുപറയാവുന്നതാണ്. കുടിശ്ശിക നിവാരണ പദ്ധതിയിലൂ ടെയും നിക്ഷേപ രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിയത്തക്കവിധ ത്തിൽ നിക്ഷേപ സമാഹരണ പദ്ധതിയിലൂടെയും വലിയ മാറ്റങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ട്. സഹകരണ രംഗത്തെ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് വായ്പ കൊടുക്കുക എന്നതിലപ്പുറം ഒന്നും ചെയ്യാൻ കഴിയാത്ത ഒരവസ്ഥ മുമ്പ് ഉണ്ടായിരുന്നു. ആ ബാങ്കുകൾ ക്കുപോലും ഇപ്പോൾ നിക്ഷേപം സമാഹരിക്കാനും അതുവഴി സ്വന്തം കാലിൽ നിൽക്കാവുന്ന ഒരന്തരീക്ഷം ഉണ്ടാക്കാൻ സഹകരണ രംഗത്ത് എടുത്ത ഈ പുതിയ സമീപനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. സഹകരണ വകു പ്പിന് ടൂറിസം രംഗത്തും കാലുവയ്ക്കാനും ടൂർഫെഡ് എന്നൊരു സഹക രണ സ്ഥാപനത്തിന് നേതൃത്വം കൊടുക്കാനും കഴിഞ്ഞു. അതുകൊണ്ട് സഹകരണ വകുപ്പ് കേരളത്തിൽ ആക്ഷേപങ്ങളില്ലാത്ത എല്ലാവർക്കും സമ്മ തമായ രീതിയിൽ പോകുന്ന ഈ അവസരത്തിൽ ആ വകുപ്പിന്റെ ധനാഭ്യർത്ഥ നയെ എതിർക്കുന്നതിൽ പ്രതിപക്ഷാംഗങ്ങൾക്കുപോലും വളരെ സൗമ്യമായ

ഒരു സമീപനമാണുള്ളത്. അതുപോലെതന്നെയാണ് തൊഴിലുറപ്പ്, തൊഴിലുറപ്പിന്റെ കാര്യങ്ങൾ പറയുമ്പോൾ ഒന്നുരണ്ട് കാര്യങ്ങൾ പരാമർശിക്കാതിരിക്കാൻ കഴിയില്ല. അഭ്യസ്തവിദ്യരായ 18 മുതൽ 45-50 വയസ്സുള്ള തൊഴിൽ രഹിത രായ 43 ലക്ഷത്തോളം ആളുകൾ പേര് രജിസ്റ്റർ ചെയ്ത് വേഴാമ്പലി നെപ്പോലെ തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന, ജോലിക്കുവേണ്ടി ആശ്രയിക്കുന്ന ഒരു സ്ഥാപനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിൽക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളെ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകളായും തൊഴിൽ ലഭിക്കുന്നവർക്ക് പരിശീലനം നൽകുന്ന ഒരു വലിയ കേന്ദ്രമായി മാറ്റുകയെ ന്നത് തൊഴിൽ വകുപ്പിന്റെയും തൊഴിൽ വകുപ്പുമന്ത്രിയുടേയും ഭാവനാ പൂർണ്ണമായ ഒരു വലിയ സമീപനമാണ്. മാത്രമല്ല, ഇന്ന് കേരളത്തിലെ പല ഐ.ടി.ഐ.കളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പല ഐ.ടി. ഐ.കളും ആളുകൾക്ക് കടന്നുചെല്ലാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലാണ് നിലനിൽക്കുന്നത്. ഈ ഐ.ടി.ഐ.കളെ മാതൃകാപരമായി ഏറ്റവും അത്യന്താധുനിക സൗകര്യമുള്ള തൊഴിൽ സ്ഥാപനങ്ങളാക്കി മാറ്റുകയെന്നത് ഒരു ചെറിയ കാര്യമല്ല. ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ കൊടുക്കാൻ കഴിയുന്ന ഒരു പരിശീലന വകുപ്പായി, സ്കിൽ ഡെവലപ്മെന്റ് സെന്ററുകളായി ഇത് മാറുന്നുവെന്നത് ഒരു ചെറിയ കാര്യമാണോ? അതുകൊണ്ട് തൊഴിൽ മേഖലയിൽ വളരെ സുപ്രധാനമായ കാൽവയ്പ്പുക ളാണ് ഈ കഴിഞ്ഞ ഒരുകൊല്ലക്കാലമായി തൊഴിൽ വകുപ്പിന് ചെയ്യാൻ കഴിഞ്ഞത്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയെ ബാധി ക്കുന്ന ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പരമ്പ രാഗത തൊഴിൽ മേഖലകൾ പലതും അന്യംനിന്നുപോകുന്ന ഒരവസ്ഥ ഇന്ന്

തൃശ്ശൂർ ജില്ലയിലുണ്ട്. അതിലൊന്ന് ഓട് വ്യവസായമാണ്. തൃശ്ശൂർ ജില്ല യിൽ നാൽപ്പതിനായിരത്തോളം പേർക്ക് തൊഴിൽ കൊടുത്തിരുന്ന ഒരു വ്യ വസായമേഖലയാണ് ഓട് വ്യവസായം. എന്നാൽ അസംസ്കൃത വസ്തു ക്കളുടെ പ്രത്യേകിച്ച് കളിമണ്ണിന്റെ ദൗർലഭ്യം നേരിടുന്ന ഈ സാഹചര്യ ത്തിൽ നിത്യേന ആ പുകക്കുഴലുകളിലൂടെ പുക പോകാത്ത ഒരവസ്ഥയു ണ്ട്. പ്രതിസന്ധി നേരിടുന്ന മറ്റൊരു മേഖലയാണ് പാക്കിംഗ് കേയ്സ് വ്യവ സായം. അതുപോലെതന്നെ 2001-06 കാലഘട്ടത്തിലെ യു.ഡി.എഫ്. സർക്കാർ തൃശൂർ ജില്ലയിലെ വൈരക്കൽ മേഖലയിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപിച്ചിരുന്നതാണ്. തൃശൂർ ജില്ലയിൽ 25,000-30,000 തൊഴിലാളികൾ വൈരക്കൽ പോളിഷിംഗ് മേഖലയിൽ ജോലിചെയ്തിരുന്നു. സൂറത്തിലെ പോലെ തൃശൂർ ജില്ലയിൽ വൈരക്കൽ പോളിഷിംഗ് വ്യവസാ യ രംഗത്ത് ആധുനിക പരിശീലന കേന്ദ്രം നിർമ്മിക്കുമെന്ന് അന്നത്തെ ഗവൺമെന്റ് വാഗ്ദാനം നൽകിയെങ്കിലും ഇതുവരെയും അത് നടപ്പിലാക്കി യിട്ടില്ല. അതുപോലെ തന്നെ പ്രവാസികാര്യവുമായി ബന്ധപ്പെട്ട് എല്ലാ ജില്ല കളിലും നോർക്കയുടെ ഓഫീസുകൾ ആരംഭിക്കുമെന്നൊരു വാഗ്ദാനവും നിലനിൽക്കുന്നുണ്ട്. എന്നാൽ, തൃശൂർ ജില്ലയിൽ ഇതുവരെയും നോർക്ക യുടെ ഓഫീസ് തുറക്കുന്ന കാര്യത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ലായെന്നു മാത്രമല്ല, അത് നടന്നിട്ടുമില്ല. അതുകൂടി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി ഹൃദയത്തിന്റെ ഭാഷയിൽ പിന്താങ്ങിക്കൊണ്ട് ഞാൻ ഇവിടെ നിർത്തുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുക യാണ്. പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ധനാഭ്യർത്ഥന ഈ കാര്യവി

വരപ്പത്രികയിൽ അച്ചടിച്ചിട്ടില്ല. ഇവിടെ ഇപ്പോൾ അതുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. പ്രവാസികാര്യ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇന്ന് രാവിലെ ഇവിടെ ഉന്നയിക്കപ്പെട്ട വിഷയത്തെക്കുറിച്ചാണ്. നമ്മുടെ പ്രവാസികൾ അതായത് വിദേശത്ത് ജോലിചെയ്യുന്ന മുഴുവൻ ആളുകളും അവരുടെ കുടുംബത്തിൽപ്പെട്ടവരുമെല്ലാം വളരെ ആശങ്കയിലാണ്. ബാങ്ക് വഴി പണമയച്ചാൽ അത് സേവന നികുതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അതിന്റെ 12.36 ശതമാനം തുക കട്ട് ചെയ്യുമെന്ന നിലയിലുള്ള ഒരു വാർത്തയാണ് ഇൻഡ്യയിലൊട്ടാകെ പ്രചരിപ്പിക്കപ്പെടുന്നത്. അതിന്റെ ഭാഗമായി പ്രവാസി കുടുംബങ്ങളെല്ലാം വളരെ ആശങ്കയിലാണ്. പാവപ്പെട്ട ആളുകളെയാണ് ഇത് പ്രധാനമായും ബാധിക്കുന്നത്. വൻകിടക്കാരായ ആളുകൾ പണം കേരളത്തിലേയ്ക്ക് അയയ്ക്കാൻ അല്ലെങ്കിൽ അവരുടെ കുടുംബത്തിലേക്കയയ്ക്കാൻ അവർ മറ്റ് പല മാർഗ്ഗങ്ങളും സ്വീകരിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ അങ്ങേയ്ക്ക് ലഭിച്ചുവെന്ന് പറയുന്ന പ്രധാനമന്ത്രിയുടെ ഉറപ്പ്, ആ ഉറപ്പ് ശരിയാണെങ്കിൽ ആ ഉറപ്പുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ഉത്തരവു തന്നെ കേന്ദ്രത്തിൽനിന്ന് ഇറക്കണം. ഈ രീതിയിൽ പണം ഇങ്ങോട്ടയയ്ക്കുന്ന സാധാരണക്കാരായിട്ടുള്ള ആളുകളുടെ എമൗണ്ടിൽ നിന്ന് പണം കട്ട് ചെയ്യുകയല്ല, മറിച്ച് ബാങ്കിന്റെ കമ്മീഷൻ എമൗണ്ടിൽ നിന്നാണ് പണം കട്ട് ചെയ്യുന്നതെന്നുള്ളതാണ് ഇതിനെ സംബന്ധിച്ച് യഥാർത്ഥത്തിൽ ഇപ്പോൾ വന്നിട്ടുള്ള വെളിപ്പെടുത്തൽ. ഇക്കാര്യത്തിൽ വലിയ ആശങ്കയുണ്ട്, ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണം. എൽ.ഡി. എഫ്.-ന്റെ 5 വർഷ ഭരണകാലം കേരള

ത്തിൽ സഹകരണ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടായ ഒരു കാലഘട്ടമായിരുന്നു. ശ്രീ. സി. എൻ. ബാലകൃഷ്ണൻ, പുതിയ സഹകരണ വകുപ്പുമന്ത്രി അത് അംഗീകരിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം. ആ ഒരു ബെയ്സിൽ നിന്നുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 2000 നന്മ സ്റ്റോറുകൾ ആരംഭിക്കുന്നുവെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ തുടങ്ങുന്നതെല്ലാം നല്ല കാര്യങ്ങൾ തന്നെയാണ്. പക്ഷേ ഇത്രയും പക്വമതിയും സൗമ്യനുമായ അദ്ദേഹമാണ് സഹകരണ രംഗത്തെ ജനാധിപത്യം പൂർണ്ണമായും തകർത്ത ഒരു ഘാതകൻ. പക്ഷേ അങ്ങയുടെ മുഖത്തുനോക്കി അങ്ങയെ ഘാതകനെന്ന് വിളിക്കാൻ എനിക്ക് തോന്നുന്നില്ല. സത്യം അതല്ലേ; അങ്ങ് എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടേയും കഴുത്ത് ഞെരിച്ച് കൊന്നില്ലേ? അങ്ങയെപ്പോലെയുള്ള പക്വമതിയായ, ഈ രംഗത്ത് സീനിയറായ ഒരു നേതാവിൽ നിന്ന്, ഒരു മന്ത്രിയിൽ നിന്ന് കേരളത്തിലെ ജനങ്ങൾ അത് പ്രതീക്ഷിച്ചില്ല. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ സഹകരണ രംഗം നേരിടുന്ന വെല്ലുവിളികൾ, ആ വെല്ലുവിളികളെ പ്രതിരോധിക്കാൻ അല്ലെങ്കിൽ അതിൽ നിന്ന് അതിജീവിക്കാൻ ഗവൺമെന്റിന് മുമ്പിൽ എന്ത് പദ്ധതിയാണുള്ളത്? എന്തെങ്കിലും പദ്ധതിയുണ്ടെന്ന് തോന്നുന്നില്ല. തൊഴിൽ വകുപ്പുമന്ത്രി വന്ന സാഹചര്യത്തിൽ, സമയം വളരെ കുറവായതുകൊണ്ട് ഇനി തൊഴിലിലേയ്ക്ക് കടക്കാം. എന്റെ സുഹൃത്ത്, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പച്ച കണ്ടാൽ ഞങ്ങൾക്കെല്ലാം കുഴപ്പമാണെന്ന മട്ടിലുള്ള ഒരു സൂചന ഇവിടെ പറഞ്ഞു. മലയാള മനോരമയിൽ ഇന്ന് രാവിലെ വന്ന ഒരു വാർത്ത – മെട്രോയ്ക്ക്

പച്ചക്കൊടി. മെട്രോയ്ക്ക് അനുവാദം കിട്ടിയെന്നല്ല, മെട്രോയ്ക്കും പച്ച ക്കൊടി. എല്ലാ രംഗത്തും പച്ചയുടെ സ്വാധീനം വരികയാണ്. ബഹുമാന പ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പങ്കെടുത്ത ഒരു ചടങ്ങിൽ അദ്ദേഹത്തെ സ്വീകരിക്കാൻ അദ്ധ്യാപികമാർ പച്ച ബ്ലൗസ് ധരിച്ചുകൊണ്ടുവരണമെന്ന് പ്രസ്തുത വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ സർക്കുലർ ഇറക്കി. അതിന്റെ ഭാഗമായി അദ്ദേഹത്തെ സസ്പെന്റ് ചെയ്തിരിക്കുന്നു. അറിഞ്ഞോ അറിയാ തെയോ എല്ലാ മേഖലയിലും ഈ പച്ചയുടെ സ്വാധീനം വരും. പച്ചയ്ക്ക് ഞങ്ങളൊന്നും എതിരല്ല, പച്ച നല്ലത് തന്നെയാണ്. പക്ഷേ ഈ രീതിയിൽ പോയാൽ കാര്യങ്ങൾ എവിടെച്ചെന്ന് നിൽക്കുമെന്നുളളത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് ആശങ്കയുണ്ട്. മതേതരത്വമെന്നു പറയുന്നതുതന്നെ ഇനി എന്തായിത്തീരുമെന്നുളളതിനെ സംബന്ധിച്ച് വലിയ ആശങ്ക ഞങ്ങൾക്കുണ്ട്. ഈ സ്വാധീനം കൊണ്ട് നമ്മുടെ ചുമട്ടുതൊഴിലാളി കൾ ധരിച്ചിരിക്കുന്ന നീലയും ചുവപ്പും യൂണിഫോം മാറ്റി പച്ചയാക്കുമോ എന്നുളളതാണ് യഥാർത്ഥത്തിൽ എനിക്കുളള സംശയം. ടൗണിൽ നിൽക്കുന്ന തൊഴിലാളികളെല്ലാം പച്ച യൂണിഫോം ധരിക്കണമെന്ന് അങ്ങ് പറഞ്ഞുകളയുമോ എന്നൊരു സംശയം എനിക്കുണ്ട്. യഥാർത്ഥത്തിൽ അത്രത്തോളം സ്വാധീനമാണ് ഈ സർക്കാരിൽ പച്ചയ്ക്കുളളത്. നമ്മുടെ തൊഴിൽമേഖലയിൽ വലിയ കുഴപ്പമാണ്. മഴ, പകർച്ചപ്പനി എന്നിവ കാരണം കിഴക്കൻ മേഖലയിലെ പ്രത്യേകിച്ച് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോൾ പണിക്ക് പോകാൻ കഴിയുന്നില്ല. ടാപ്പിംഗ് പോലെയുളള ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പനി വന്നുകഴിഞ്ഞാൽ ഒരു മാസക്കാലത്തോളം അവർക്ക് ടാപ്പ് ചെയ്യാൻ പോകാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. പ്രത്യേകിച്ച് ചിക്കുൻഗുനിയ പോലെയുളള രോഗങ്ങൾ വന്നു

കഴിഞ്ഞാൽ മൂന്ന് മാസം വരെ ഭേദമാകാതെ നീണ്ടുനിൽക്കും. ഗവൺമെന്റിന് ഇക്കാര്യത്തെ സംബന്ധിച്ച് ആലോചിക്കാൻ സമയമായി എന്നാണെനിക്ക് പറയാനുളളത്. പനി ബാദ്ധ്യതാമേഖലകളിൽ പ്രത്യേകിച്ച് ഇപ്പോൾ മഴയും കൂടെ ആയ സാഹചര്യത്തിൽ ആ മേഖലകളിൽ സൗജന്യ റേഷൻ പ്രഖ്യാപിക്കണം. മുൻ ഗവൺമെന്റുകളെല്ലാം ഇതുപോലെയുളള കാലഘട്ടം വരുമ്പോൾ പ്രത്യേക സ്ഥലങ്ങളിൽ, ഏറ്റവും കൂടുതൽ പട്ടിണിയും ബുദ്ധിമുട്ടും തൊഴിൽ ചെയ്യാനുളള കുഴപ്പങ്ങളുമെല്ലാം മുന്നിൽ കണ്ടുകൊണ്ട് ഗവൺമെന്റ് തീരുമാനിച്ച് സൗജന്യ റേഷൻ കൊടുക്കും. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലകളിൽ സൗജന്യ റേഷൻ കൊടുക്കേണ്ട സമയമായെന്നാണ് കൊല്ലത്തിന്റെ ചുമതല കൂടി വഹിക്കുന്ന ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുളളത്. ഇതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. രണ്ടാമതായി, നിയമനിഷേധം: കൊല്ലത്ത് നിന്നുളള ഒരു മന്ത്രിയെന്നുളള നിലയിൽ കശുവണ്ടി മേഖലയിലെ കാര്യങ്ങൾ നല്ലതുപോലെ അറിയാവുന്ന ആളാണ് അങ്ങ്. കശുവണ്ടി മേഖലയിൽ ഒട്ടാകെ വമ്പിച്ച തോതിലുളള നിയമനിഷേധം നടന്നുകൊണ്ടിരിക്കുകയാണ്. ആ നിയമനിഷേധം അവസാനിപ്പിക്കണമെങ്കിൽ ലേബർ ഡിപ്പാർട്ടുമെന്റിലെ എൻഫോഴ്സ്മെന്റ് വിംഗ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയണം. യഥാർത്ഥത്തിൽ അങ്ങനെയൊരു വിംഗ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല, ഒരു നടപടിയും സ്വീകരിക്കുന്നില്ല, ഒരു ഫാക്ടറിയിലും അവർ പോകുന്നില്ല. അതിന് പരിഹാരം കാണണം. ഈ രംഗത്തെ നിയമനിഷേധം അവസാനിപ്പിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയണം. ഈ രംഗത്ത് പി.എഫ്. പിരിച്ചെടുക്കുകയും അതിന്റെ വിഹിതം അടയ്ക്കാതിരിക്കുകയും ചെയ്യുക. ഇതൊരു നിയമനിഷേധമാണ്.

ഇ.എസ്.ഐ. വിഹിതം പിരിക്കുക ആ വിഹിതം അടയ്ക്കാതിരിക്കുക, മുതലാളിമാർ ക്ഷേമനിധി വിഹിതം അടയ്ക്കാതിരിക്കുക. ആ നിലയിൽ വിവിധങ്ങളായിട്ടുള്ള നിയമനിഷേധം നടക്കുന്നത് കണ്ടുപിടിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം. തോട്ടണ്ടിയുടെ കാര്യമെടുക്കുകയാണെങ്കിൽ, ഓണത്തിനപ്പുറത്തേയ്ക്ക് ഫാക്ടറികൾ തുറന്നുപ്രവർത്തിക്കാനാവശ്യമായ തോട്ടണ്ടിയുണ്ടോ? തോട്ടണ്ടി ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തോട്ടണ്ടി കേരളത്തിൽത്തന്നെ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിയും. മുൻ സർക്കാരിന്റെ കാലത്ത് അതിനുള്ള തുടക്കം കുറിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് മുന്നോട്ടുകൊണ്ടുപോകാനാവശ്യമായിട്ടുള്ള ശ്രമം നടത്തണം. ആവശ്യമായിട്ടുള്ള തോട്ടണ്ടി നമുക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളികളെ സംബന്ധിച്ച് വലിയ വിഷമമാണ്. കശുവണ്ടിത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കുന്നതിനാവശ്യമായ പണമില്ല. അവരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടി 90 കോടിയിലധികം രൂപ വേണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 5 കൊല്ലത്തിൽ 123 കോടി രൂപ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കൊടുക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം എന്തെങ്കിലും കൊടുത്തിട്ടുണ്ടോ? എന്നുമാത്രമല്ല, 1990-ൽ ഈ ബോർഡ് നിലവിൽ വന്നതിനുശേഷം എപ്പോഴെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിട്ടുണ്ട്; എപ്പോഴെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിട്ടുണ്ടെന്നുള്ളത് മൊത്തത്തിലെടുത്ത് പരിശോധിച്ചാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കൊടുത്തിട്ടുള്ള തുക ആകെ 50,000 രൂപയാണ്. കഴിഞ്ഞ

ഗവൺമെന്റ്, എൽ.ഡി.എഫ്. ഗവൺമെന്റ് മാത്രം അവരുടെ ആനുകൂല്യ ങ്ങൾ കൊടുക്കുന്നതിനുവേണ്ടി കുടിശ്ശികയായി 123 കോടി രൂപ കൊടുത്തു വെന്നുളള വസ്തുത ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ആവശ്യമായ തുക നൽകിക്കൊണ്ട് ഈ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം. ഡോ. ബലരാ മൻ കമ്മിറ്റി ഗവൺമെന്റ് തന്നെ വച്ച ഒരു കമ്മിറ്റിയല്ലേ; ആ കമ്മിറ്റിയിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്താണ് ഇത്ര വൈഷമ്യം? ഒരു വൈഷമ്യവുമുണ്ടാകുമെന്ന് കരുതുന്നില്ല. നഗ്നമായ ചൂഷണമാണ് നഴ്സിംഗ് മേഖലയിൽ നടക്കുന്നത്. ആ ചൂഷണം അവസാനിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. അങ്ങ് നമ്പരിട്ട് കുറച്ചുകാര്യങ്ങൾ നടപ്പിലാക്കി, ബാക്കിയുളളതിനെ സംബന്ധിച്ച് ആലോചിക്കുമെന്നാണ് പറഞ്ഞിട്ടുളളത്. അങ്ങനെയല്ല. ആ ബലരാമൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന മുഴുവൻ കാര്യങ്ങളും നടപ്പിലാക്കിക്കൊണ്ട് ആയിരക്കണക്കിന് പതിനായിരക്കണക്കിന് വരുന്ന നഴ്സുമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫുകളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണം. അങ്ങനെ ഇതുവരെ മുന്നോട്ടുവരാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാർ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട ശ്രീ. കെ. രാജു, അങ്ങ് പ്രവാസി ക്ഷേമ വകുപ്പിന് ഡിമാന്റില്ലെന്ന് പറഞ്ഞത് ശരിയല്ല. ഇന്നത്തെ ലിസ്റ്റിൽ

**പ്രത്യേകമായി അച്ചടിച്ചുവന്നിട്ടുണ്ട്. ലിസ്റ്റ് എടുത്ത് നോക്കുക. ആ പ്രത്യേക ലിസ്റ്റിൽ XXIV തൊഴിലും തൊഴിലാളിക്ഷേമവും- അവിടെ സ്റ്റാർ കൊടുത്തിട്ടുണ്ട്. അതിന്റെ താഴെ പ്രിന്റ് ചെയ്ത് വന്നിട്ടുണ്ട്.**

* * * * * * * * * * * * * * *